# പൊതുവിദ്യാഭ്യാസത്തിന്റെ നയരൂപീകരണത്തിനുള്ള ആശയങ്ങളും ചോദ്യങ്ങളും

## *പൊതുവിദ്യാഭ്യാസ നയരൂപീകരണത്തിനായുള്ള സൂചകങ്ങൾ*

1. പ്രൈമറി വിദ്യാഭ്യാസത്തിൽ പഠനനേട്ടങ്ങൾ ഉറപ്പു വരുത്തുക.
2. സെക്കന്ററി ഹയർസെക്കന്ററി തലങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക.
3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ശാക്തീകരിക്കുക.
4. സ്കൂൾ തല മൂല്യനിർണ്ണയം പരിഷ്ക്കരിക്കുക.
5. ഗുണമേന്മയുള്ള അധ്യാപകരെ സൃഷ്ടിക്കാനാകും വിധം അധ്യാപക പരിശീലനം പരിഷ്കരിക്കുക.
6. ഗ്രാമീണ മേഖലയിൽ ഓപ്പൺ സ്കൂൾ, വയോജനവിദ്യാഭ്യാസം തുടങ്ങിയവയിലൂടെ സ്ത്രീകൾ, എസ്.സി/എസ്.ടി ന്യൂനപക്ഷം, എന്നിവരുടെ വിദ്യാഭ്യാസം ത്വരിതപ്പെടുത്തുക.
7. സ്കൂൾതലത്തിലും വയോജന വിദ്യാഭ്യാസ തലത്തിലും വിവര സാങ്കേതിക വിദ്യ പരിപോഷിപ്പിക്കുക.
8. കുട്ടികളുടെ പഠനനേട്ടങ്ങൾ വികസിപ്പിക്കുന്നതിന് ശാസ്ത്രം, ഗണിതം, വിവരസാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളുടെ വിനിമയത്തിൽ പുതിയ അറിവും സമീപനവും ഉറപ്പാക്കുക.
9. വിദ്യാലയത്തിന്റെ നിലവാരം, വിലയിരുത്തൽ, സ്കൂൾ മാനേജ്മെന്റ് പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കുക.
10. എസ്.സി.എസ്.റ്റി, പെൺകുട്ടികൾ, ന്യൂന പക്ഷം, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കായുള്ള സംയോജിത വിദ്യാഭ്യാസം കാര്യക്ഷമമാക്കുക.
11. ഭാഷാവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക
12. ജീവിത നൈപുണി, കല പ്രവൃത്തി പരിചയം, കായിക വിദ്യാഭ്യാസം, മുല്യാധിഷ്ഠിത വിദ്യാഭ്യാസം എന്നിവ ഉൾക്കൊള്ളുന്ന സമഗ്ര വിദ്യാഭ്യാസ രീതി അവലംബിക്കുക.
13. കുട്ടികളുടെ ആരോഗ്യത്തിന് ഊന്നൽ നൽകുക.

### I. പ്രൈമറി വിദ്യാഭ്യാസത്തിൽ പഠനനേട്ടങ്ങൾ ഉറപ്പു വരുത്തുക.

പ്രാഥമിക വിദ്യാഭ്യാസത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ടെങ്കിലും ഭാഷാശേഷികൾ, ഗണിത നൈപുണികൾ എന്നിവയിൽ പ്രതീക്ഷിത പഠനനേട്ടങ്ങൾ കൈവരിക്കേണ്ടതുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പ്രായോഗികമായ

പാഠ്യപദ്ധതി, നൂതന സമീപന തന്ത്രങ്ങൾ, വിദഗ്ദ്ധപരിശീലനം സിദ്ധിച്ച അധ്യാപകർ, സമൂഹം എന്നിവയിലൂടെ കുട്ടിയിൽ പഠനനേട്ടം ഉറപ്പുവരുത്തുന്നതിനുതകുന്ന ചില കൂട്ടായ പരിശ്രമം കാലഘട്ടത്തിന്റെ ആവശ്യമാണ്.

### *ചർച്ചാ സൂചകങ്ങൾ*

1. താങ്കളുടെ നിരീക്ഷണത്തിൽ കുട്ടി സ്കൂളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാത്ത തിന്റെ കാരണം എന്താണ്?
2. ഭാഷയുടെയും ഗണിതത്തിന്റെയും അടിസ്ഥാന പ്രശ്നമേഖലകൾ പരിഹരിക്കാൻ സ്കൂൾതലത്തിൽ എന്ത് ചെയ്യാൻ കഴിയും?
3. അധ്യാപകന് ലഭിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ തന്നെ പഠനപ്രവർത്തനം കാര്യക്ഷമമായി വിനിമയം ചെയ്യാനുള്ള സാങ്കേതിക വിദ്യ എങ്ങനെ ഉറപ്പാക്കാൻ കഴിയും?
4. ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ത്യാഗ സന്നദ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാണോ?
5. അധ്യാപക പരിശീലനത്തിൽ എന്ത് മാറ്റമാണ് നിർദ്ദേശിക്കാനുള്ളത്?
6. സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ശിശുസൗഹൃദമാക്കുന്ന തിനും ആകർഷകമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശിക്കാനുണ്ട്?
7. കല, കായിക, വ്യക്തിവികാസം തുടങ്ങിയ വിഷയങ്ങൾ പ്രാഥമിക തലത്തിൽ തന്നെ ഉൾപ്പെടുത്തേണ്ടതുണ്ടോ?
8. മൂല്യനിർണയ രീതിയിൽ മാറ്റം അനിവാര്യമാണോ?
9. പ്രാഥമികതലത്തിൽ കുട്ടി എത്ര ഭാഷകൾ പഠിക്കേണ്ടതുണ്ട്?
10. പ്രൈമറി തലത്തിലും പ്ലേസ്കൂൾ തലത്തിലും കൂണുകൾ പോലെ സ്കൂളുകൾ മുളച്ചുവരാൻ കാരണമെന്താണ്.
11. വിദേശ സഹകരണം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഏതെല്ലാം മേഖലകളിൽ അനിവാര്യമാണ്.

## II. സെക്കന്ററി ഹയർസെക്കന്ററി തലങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക

ആർ.ടി.ഇയുടെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ആർ.എം.എസ്.എയുടെ മേൽനോട്ടത്തിൽ സെക്കന്ററി ഹയർസെക്കന്ററി തലത്തിലും, ഭൂമിശാസ്ത്രപരവും, സാമൂഹ്യം, സംയോജിത വിദ്യാഭ്യാസം, ലിംഗഭേദം, ഐ.സി.റ്റി തുടങ്ങിയ മേഖലകളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നുണ്ട്.

### ചർച്ചാ സൂചകങ്ങൾ

1. 14 വയസ്സുമുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ഗുണാത്മക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ നാം എവിടെ നിൽക്കുന്നു? ഇത് നടപ്പിലാക്കുന്നതിൽ സമൂഹ്യ സമ്പത്തിക മേഖലകളിൽ കാണുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്?
2. ഒരു കുട്ടിക്ക് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് പ്രൈമറി വിദ്യാഭ്യാസ ത്തിനുശേഷം സമീപ സ്കൂളുകളുടെ ലഭ്യത എങ്ങനെ ഉറപ്പുവരുത്താൻ കഴിയും?
3. സെക്കന്ററി വിദ്യാഭ്യാസത്തിൽ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ അതിർ വരമ്പുകൾ എങ്ങനെ വേർതിരിക്കാൻ കഴിയും.?
4. ശാസ്ത്രത്തിലും ഗണിതത്തിലും കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയും?
5. ശാസ്ത്രത്തിലും ഗണിതത്തിലും യോഗ്യതയുള്ള അധ്യാപകരുടെ അഭാവം എങ്ങനെ നികത്താൻ കഴിയും?
6. അധ്യാപന ബോധനപ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ വ്യാപനം എത്ര മാത്രമുണ്ട്?
7. സെക്കന്ററി തലത്തിൽ വിമർശനാത്മ ചിന്തയും പ്രശ്നപരിഹരണ ശേഷിയും ഉറപ്പു വരുത്തുന്നതിന് കുട്ടിയുടെ വിലയിരുത്തൽ എങ്ങനെ അഭികാമ്യമാക്കാം?
8. സെക്കന്ററി/ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടോ?
9. അധ്യാപികയുടെ പ്രകടനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയുണ്ടോ?
10. വിവരസാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഫീൽഡ് സന്ദർശനത്തിലൂടെ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്നതെങ്ങനെയാണ്?

## III. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ശാക്തീകരിക്കുക.

ഒരു രാജ്യത്തിന്റെ വികസനത്തിന്റെ മൂലധനം മനുഷ്യന്റെ അറിവിന്റെയും തൊഴിലി ന്റെയും ശേഷികളാണ്. വിദഗ്ധരും വൈജ്ഞാനികരുമായ തൊഴിൽ ശക്തി ഒരു വികസി തരാജ്യത്തിന് അത്യാവശ്യമാണ്. വ്യത്യസ്തമായ തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ കുട്ടികളിൽ തൊഴിൽപരമായ ശേഷികൾ വികസിപ്പിക്കുകയാണ് തൊഴിലധിഷ്ഠിത കോഴ്സുകളുടെ ലക്ഷ്യം. അതുകൊണ്ടുതന്നെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പൊതുവിദ്യാഭ്യാസത്തന്റെ മുഖ്യധാരയിൽ അനുയോജ്യമായി സംയോജിപ്പിക്കുവാൻ പലകമ്മിറ്റികളും സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഇന്ത്യയിൽ പൊതുവിദ്യാഭ്യാസവും തൊഴിലധിഷ്ഠിതവിദ്യാഭ്യാസവും സമാന്തരമാ യിട്ടാണ് പോകുന്നത്. എന്നാൽ ഇവ തമ്മിലുള്ള ആശയവിനിമയം വളരെക്കുറവാണ്. ഇതു കൊണ്ടുതന്നെ കുട്ടികൾ തൊഴിലധിഷ്ഠിത കോഴ്സുകളിൽ ചേരാൻ വിമുഖത പ്രകടിപ്പിക്കുന്നു.

### *ചർച്ചാസൂചകങ്ങൾ*

1. നൈപുണിവിദ്യാഭ്യാസം കുട്ടികൾക്ക് തൊഴിൽ ചെയ്യാൻ സഹായകമാകുമോ?
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്കൂളുകളിൽ നടപ്പിലാക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ എന്തെല്ലാം?
3. തൊഴിലധിഷ്ഠിത മേഖലയിലെ അധ്യാപകരുടെയും, പരിശീലനത്തിന്റെയും പ്രശ്നങ്ങൾ എന്തെല്ലാം?
4. മുഖ്യധാരാ വിദ്യാഭാഭ്യാസത്തന്റെ ഭാഗമായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പല സ്ഥലങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. എന്തുകൊണ്ട് മറ്റുള്ളവർക്കും അത് അനുകരിച്ചുകൂടാ?
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ 10-ാം ക്ലാസ്സിനും 12-ാം ക്ലാസ്സിനും ഇഷ്ടമുള്ള അഞ്ചോ, ആറോ വിഷയങ്ങൾ അനുവദിച്ചികൂടെ?
6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കുട്ടികളിൽ ആകർഷകമാക്കി മാറ്റുന്നതെങ്ങനെ?
7. സയൻസ്, ഗണിതം, അക്കൗണ്ടിംഗ്, കമ്പ്യൂട്ടർ, ചരിത്രം തുടങ്ങിയവ തൊഴിലധിഷ്ഠിത കോഴ്സുമായി ബന്ധിപ്പിച്ച് പഠിപ്പിക്കേണ്ടതുണ്ടോ?

## IV. സ്കൂൾതല മൂല്യനിർണ്ണയം പരിഷ്ക്കരിക്കുക

പ്രശ്നപരിഹരണം, യുക്തി ചിന്ത വിമർശനാത്മക ചിന്ത എന്നിവ കേന്ദ്രീകരിച്ച് പരീക്ഷാരീതി പരിഷ്കരിക്കേണ്ടതില്ലേ? ഈ രീതിയിലുള്ള പരീക്ഷാ സമ്പ്രദായം പഠന ബോധനരീതിക്ക് സഹായകമാവുമോ? സി.സി.ഇ (നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ) കൂടുതൽ ശക്തമാക്കേണ്ടത് ആവശ്യമാണോ? സി.സി.ഇ നടപ്പിലാക്കുമ്പോൾ കുട്ടിയുടെ പ്രൊഫൈൽ റിക്കോർഡുകൾ മറ്റ് പ്രവർത്തന രേഖകൾ എന്നിവ കൂടാതെ നിരീക്ഷണം, ക്ലാസിലെ പ്രതികരണങ്ങൾ തുടങ്ങിയവ കൂടി വിലയിരുത്തപ്പെടേണ്ടതാണ്.

### *ചർച്ചാ സൂചകങ്ങൾ*

1. സി.സി.ഇ നടപ്പാക്കിയ ഗവൺമെന്റ് സ്കൂളുകളുടെ അനുഭവം എന്താണ്?
2. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്താൻ സി.സി.ഇ സഹായകമാകുന്നുണ്ടോ?
3. എല്ലാവരെയും പാസ്സാക്കുന്ന രീതിയെപ്പറ്റിയും സി.സി.ഇയെപ്പറ്റിയും കുട്ടിയുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പ്രതികരണം എന്താണ്?
4. പത്താംതരം പരീക്ഷാ ബോർഡ് ഇല്ലാതാക്കുന്നത് കുട്ടികളുടെ പഠന നിലവാരം ഇല്ലാതാക്കുമോ?
5. മികച്ച മൂല്യനിർണയരീതിയ്ക്ക് എന്തെല്ലാം നിർദ്ദേശം സമർപ്പിക്കാൻ കഴിയും?
6. വിലയിരുത്താനല്ലാതെ പഠനത്തിന് നമ്മുടെ പരീക്ഷാ രീതി അനിവാര്യമാണോ?

7. പ്രശ്നാ പരീഹരണം, യുക്തി ചിന്ത, മനോഭാവം എന്നിവ കൂടി വിലയിരുത്തപ്പെടുന്ന പരീക്ഷ രീതി അഭികാമ്യമാണോ?

8. ചിന്തിക്കാനും കണ്ടെത്താനുമുള്ള രീതിയിലേക്ക് നമുക്ക് മുല്യ നിർണയരീതിയെ എങ്ങനെ മാറ്റാം?

## V. ഗുണമേന്മയുള്ള അധ്യാപകരെ സൃഷ്ടിക്കാനാകും വിധം അധ്യാപക പരിശീലനം പരിഷ്കരിക്കുക.

രാജ്യത്തെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും പ്രധാന പ്രശ്നം എന്നത് അധ്യാപക രുടെ ഗുണപരതയാണ്. അതുകൊണ്ട് തന്നെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആവശ്യ ങ്ങൾക്ക് അനുസരണമായി അധ്യാപകരെ തയ്യാറാക്കേണ്ടതുണ്ട് എന്നാണ് നയരേഖ കളും ഗവേഷണങ്ങളും പറയുന്നത്. അധ്യാപക വിദ്യാഭ്യാസത്തിന്റെ മേന്മ വർദ്ധിപ്പി ക്കൽ മുന്നിൽ കണ്ടുകൊണ്ട് പല നടപടികളും പലപ്പോഴായി കൈകൊണ്ടു. പക്ഷേ പ്രാഥമിക വിദ്യാഭ്യാസതലത്തിലും സെക്കന്ററിതലത്തിലുമുള്ള അധ്യാപക ഒഴിവുകൾ, തൊഴിൽ പ്രാവീണ്യത്തിലുള്ള അജ്ഞതയുള്ള അധ്യാപന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, പരിശീലനവും ക്ലാസ്റൂം പ്രവർത്തനങ്ങളും തമ്മിലുള്ള സ്വരചേർച്ചയില്ലായ്മ, അധ്യാ പകരുടെ അവധി, അധ്യാപകരുടെ ഉത്തരവാദിത്വമില്ലായ്മ, പാഠ്യേതരരംഗത്ത് പ്രവർത്തി ക്കാനുള്ള അധ്യാപകരുടെ താൽപര്യം തുടങ്ങി നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെ ടേണ്ടതുണ്ട്.

### *ചർച്ചാസൂചകങ്ങൾ*

- പ്രാഥമിക വിദ്യാഭ്യാസരംഗത്തുള്ള അധ്യാപക ഒഴിവ് നികത്താൻ നമുക്ക് എന്ത് മുൻകരുതലെടുക്കാം?
- എന്തുകൊണ്ടാണ് നിലവിലുള്ള അധ്യാപക പരിശീലനങ്ങൾ ഗുണമേന്മ ഉറപ്പുവ രുത്താൻ കഴിയാത്തത്?
- അധ്യാപക വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾക്ക് നൽകാവുന്ന പ്രായോഗിക പരി ഹാരങ്ങൾ എന്തൊക്കെ?
- അധ്യാപകരുടെ ഉത്തരവാദിത്വം ഓർമിപ്പിക്കാനായി ഒരു ടീച്ചർ പെർഫോർമൻസ് അസസ്മെന്റ് ആവശ്യമുണ്ടോ? അധ്യാപകരുടെ പ്രകടനം അനുകരിച്ചാണോ അവ രുടെ സ്ഥാനകയറ്റം നടത്തേണ്ടത്?
- അധ്യാപക തസ്തികയ്ക്കും, സ്ഥലംമാറ്റത്തിനും ഒരു കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം തയ്യാറാക്കേണ്ടതുണ്ടോ?
- വർഷംതോറും ഇൻസർവീസ് പരിശീലനങ്ങൾക്ക് അധ്യാപകർ പോകേണ്ടത് നിർബ ന്ധിതമാക്കുന്നതിന് എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാം?

## VI. ഗ്രാമീണ മേഖലയിൽ ഓപ്പൺ സ്കൂൾ, വയോജനവിദ്യാഭ്യാസം തുടങ്ങിയവയിലൂടെ സ്ത്രീകൾ, എസ്.സി/എസ്.ടി ന്യൂനപക്ഷം എന്നിവരുടെ വിദ്യാഭ്യാസം ത്വരിതപ്പെടുത്തുക.

വിദ്യാഭ്യാസ വികസനത്തിൽ സാക്ഷരത വളരെ വലിയ പങ്കുവഹിക്കുന്നു. സാക്ഷര സമൂഹത്തിൽ ജനസംഖ്യാ വളർച്ച നിയന്ത്രിക്കപ്പെടുകയും ദാരിദ്ര്യവും ശിശുമരണവും കുറയുകയും ചെയ്യുന്നുണ്ട്. സ്ത്രീ-പുരുഷ ഭേദമില്ലാതെ ജനതയുടെ സമ്പൂർണവളർച്ച ഉറപ്പാക്കുന്നതിനു ജനാധിപത്യമുല്യങ്ങളുടെ പാലനത്തിനും സമാധാനപരമായ ജീവിതത്തിനും ഇതിലൂടെ സാധിക്കുന്നു. സർവദേശീയ വയോജന സാക്ഷരത (Universal adult literacy) നേടുക എന്നതാണ് വയോജന തടർവിദ്യാഭ്യാസ പദ്ധതികളുടെ ലക്ഷ്യം.

2011 സെൻസസ് പ്രകാരം ദേശീയ സാക്ഷരതാനിലവാരം 74.1 ശതമാനമായി ഉയർന്നിട്ടുണ്ട് (2001-ൽ 64.8 ആയിരുന്നു) വനിതകളുടെ സാക്ഷരതാനിരക്കിലായിരുന്നു കൂടുതൽ വർദ്ധന. ഈ ലിംഗ അസമത്വം ഇപ്പോഴും നിലനിൽക്കുന്നു.

ഔപചാരിക വിദ്യാഭ്യാസത്തിലൂടെ സാക്ഷരതാ നിലവാരം നിലനിർത്തുന്നതിന് വയോജന വിദ്യാഭ്യാസം സഹായിക്കുന്നു. ദേശീയ സാക്ഷരതാമിഷൻ മുന്നോട്ടുവയ്ക്കുന്നതാണ് "സാക്ഷരഭാരതം". അതാതു പ്രായത്തിൽ കിട്ടേണ്ട വിദ്യാഭ്യാസ അവസരങ്ങൾ നഷ്ടപ്പെട്ടവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും ഔപചാരിക വിദ്യാഭ്യാസത്തിനു തുല്യമായ വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുകയാണ് വയോജന വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. 2012-ഓടെ ദേശീയതലത്തിൽ സാക്ഷരതാ നിലവാരം 80% ആക്കുന്നതിനും വനിതകളുടെയും പുരുഷന്മാരുടെയും സാക്ഷരതാനിലവാരത്തിലുള്ള അന്തരം കുറയ്ക്കുന്നതും ഇതിന്റെ ലക്ഷ്യങ്ങളാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഗ്രാമീണരുടെയുമിടയിൽ ഇനിയും ഈ ലക്ഷ്യം കൈവരിക്കപ്പെടേണ്ടതുണ്ട്.

- നഗരവാസസ്ഥലങ്ങളായ ചേരിപ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കാൻ കൂടുതൽ ബുദ്ധിമുട്ടുകളുണ്ടോ?
- സാമൂഹിക അധഃസ്ഥിതാവസ്ഥയിലുള്ളവരുടെ (socially deprived) ഇടയിലേയ്ക്ക് സാക്ഷരതാപ്രവർത്തനങ്ങൾ എത്താതെ പോകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെ?
- സാക്ഷരതാ നിലവാരത്തിലെ വൈജാത്യങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം തന്ത്രങ്ങൾ പ്രയോജനപ്പെടുത്താം?
- വയോജന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം നേടുന്നതിലേയ്ക്ക് ഓപ്പൺ സ്കൂൾ സമ്പ്രദായത്തിന് കഴിയുന്നുണ്ടോ?
- സാക്ഷരതാ പരിപാടികൾക്ക് സ്കൂൾ വിദ്യാർഥികളെ പ്രയോജനപ്പെടുത്താൻ കഴിയുമോ?

- വയോജന സാക്ഷരതയിലെ പ്രത്യേക നൈപുണികളെ ദൈനംദിന ജീവിതചര്യ കൾക്കുതകുന്ന പരിപാടികളുമായി എങ്ങനെ കോർത്തിണക്കാം?
- വില്ലേജ്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ സാക്ഷരതാപരിപാടികൾ നടപ്പിലാക്കുന്നതി നുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെ?

## VII. സ്കൂൾ തലത്തിലും വയോജന വിദ്യാഭ്യാസ തലത്തിലും വിവര സാങ്കേതിക വിദ്യ പരിപോഷിപ്പിക്കുക.

വിവരസാങ്കേതിക വിദ്യാഭ്യാസത്തിന് വിദ്യാഭ്യാസരംഗത്ത് പ്രബലമായ വ്യത്യാസം വരുത്താൻ കഴിയും. രാജ്യത്തെ പല സെക്കന്ററി സ്കൂളുകളിലും കമ്പ്യൂട്ടറുകളുടെ അഭാവം വലുതായുണ്ട്. ഈ അഭാവം വിദ്യാർഥികൾക്കും അധ്യാപകർക്കും അനുയോ ജ്യമായ ഐ.സി.ടി. പാഠ്യപദ്ധതി / നിലവാര ലഭ്യതയെ നന്നായി ബാധിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിൽ Mission Mode Project (MMP) ലക്ഷ്യമിടുന്നത് സ്കൂൾ വിദ്യാ ഭ്യാസരംഗത്ത് ധാരണാശക്തിയുള്ള സാങ്കേതിക ശാക്തീകരണമാണ്. ഐ.സി.ടി. സൗക ര്യങ്ങളുടെ നിലവാരം, അധ്യാപകർ, വിദ്യാർഥികൾ, അനധ്യാപകർ ഐ.സി.ടി. പ്രാപ്തി കൾ എന്നിവരുടെയെല്ലാം നയം കണക്കിലെടുക്കുന്നു. അതോടൊപ്പം ഗുണമേന്മയുള്ള ഒരു ഡിജിറ്റൽ കലവറ (എല്ലാ വിഷയങ്ങളിലും) സ്കൂളുകളിൽ ലഭ്യമാക്കുന്നു. ഇ-ക ണ്ടന്റ് (ഉള്ളടക്കം) വികസിപ്പിക്കാൻ അധ്യാപകരെ പര്യാപ്തമാക്കാൻ ഈ നയം സഹാ യകമാക്കുന്നു. ക്ലാസ്മുറികളിൽ ഐ.സി.ടി.യുടെ സാധ്യത മനസ്സിലാക്കി പോർട്ടബിൾ പ്രോജക്ടറും മറ്റു സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ഐ.സി.ടി. ഇന്റഗ്രേറ്റഡ് വിദ്യാ ഭ്യാസം പ്രായോഗികമാക്കാൻ അവസരം ഉറപ്പുവരുത്തുന്നു.

സ്കൂളുകളിൽ ഐ.സി.ടി. ഉപയോഗിക്കാൻ പല മാർഗങ്ങളും നിലവിലുള്ളപ്പോൾ മെച്ചപ്പെട്ടതും ശക്തിയേറിയതുമായ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ എല്ലാ മേഖലകളിലും ഗുണമേന്മയും കഴിവും ഉറപ്പവരുത്താൻ കഴിയും.

### *ചർച്ചാ സൂചകങ്ങൾ*

- ഐ.സി.ടി. സാധ്യമാക്കുമ്പോൾ സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെ?
- പൊതുവായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഈ പ്രശ്നങ്ങൾ പരിഹരി ക്കാൻ കഴിയുന്നതാണോ?
- ഈ പ്രശ്നത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വ്യത്യസ്ത അനുഭവങ്ങൾ എന്തൊക്കെയാണ്?
- സ്കൂളിലും വയോജന വിദ്യാഭ്യാസത്തിലും വിവരസാങ്കേതിക വിദ്യ ശക്തിപ്പെടു ത്താനുള്ള മാർഗങ്ങൾ ഏതെല്ലാം? വിജയകരമായ അനുഭവങ്ങളുണ്ടെങ്കിൽ പങ്കു വയ്ക്കുക.
- ഐ.സി.ടി. ഉപകരണങ്ങൾ സ്കൂളുകളിൽ ലഭ്യമാണെങ്കിലും അത് ശരിയായ രീതി യിൽ ഉപയോഗപ്പെടുത്തുന്നുവെന്ന് എങ്ങനെ ഉറപ്പുവരുത്തുന്നു?

## VIII. കുട്ടികളുടെ പഠനനേട്ടങ്ങൾ വികസിപ്പിക്കുന്നതിന് ശാസ്ത്രം, ഗണിതം, വിവര സാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളുടെ വിനിമയത്തിൽ പുതിയ അറിവും സമീപനവും ഉറപ്പാക്കുക.

സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് അധ്യാപക വിദ്യാർഥി അനുപാതം മെച്ചപ്പെടേണ്ടിയിരിക്കുന്നു. സയൻസ്, കണക്ക്, ഇംഗ്ലീഷ് വിഷയങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകണം. പത്താം ക്ലാസ്സ് പരീക്ഷയിൽ തോൽക്കുന്ന 80% കുട്ടികളുടെയും തോൽവിക്കുകാരണം സയൻസ്, കണക്ക് വിഷയങ്ങളിലെ മോശപ്പെട്ട പ്രകടനമാണ്.

ഹയർ സെക്കന്ററിതലത്തിൽ ശാസ്ത്രവിഷയങ്ങൾ ഏറ്റെടുത്തു പഠിക്കാൻ കുട്ടികൾ കുറയുന്നതും പഠനത്തിന്റെ ഗുണമേന്മ കുറയുന്നതും രാജ്യത്ത് ശാസ്ത്രീയമായ മാനുഷിക വിഭവങ്ങൾ വികസിക്കുന്നതിന് തടസ്സമാവുന്നുണ്ട്. ഗണിത / ശാസ്ത്ര വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതിനായി ഏറ്റെടുക്കാവുന്ന ചില പ്രവർത്തനങ്ങൾ -

- കുട്ടികൾക്ക് നൂതനങ്ങളായ കണ്ടുപിടിത്തങ്ങൾക്കും മറ്റും സ്കോളർഷിപ്പ് ഏർപ്പെടുത്തുക.
- ശാസ്ത്ര അവബോധം വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ - രക്ഷിതാക്കളെകൂടി ഉൾപ്പെടുത്തിക്കൊണ്ട്.

  ഉദാ:- മൊബൈൽ ലാബുകൾ, ശാസ്ത്രകേന്ദ്രങ്ങൾ മുതലായവ നടപ്പിലാക്കുക.

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ എന്നത് പാഠ്യപദ്ധതി, പഠനനേട്ടങ്ങൾ, പഠനസാമഗ്രികൾ, ബോധനതന്ത്രങ്ങൾ, വിലയിരുത്തൽ, ടീച്ചറുടെ ഇടപെടൽ, സ്കൂളിന്റെ നേതൃത്വഗുണം എന്നിവയൊക്കെ ആശ്രയിച്ചിരിക്കുന്നു. സമൂഹത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പരിഹരിക്കുന്നതിനുതകുന്നതാകണം പാഠ്യപദ്ധതി. വൈവിധ്യമാർന്ന പഠന പാക്കേജികൾ തയ്യാറാക്കി ക്ലാസ്മുറികളിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സർവ ശിക്ഷാ അഭിയാൻ പഠനപോഷണ പരിപാടി(എൽ.ഇ.പി.)കളിലൂടെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനങ്ങൾ ഓരോ വർഷവും പഠനലക്ഷ്യങ്ങളും വിനിമയതന്ത്രങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്. സ്ഥാപനങ്ങളെ വിലയിരുത്തി അംഗീകാരം നൽകേണ്ടതാണ്.

- പഠനബോധന പ്രക്രിയകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പ്രായോഗികമായ തന്ത്രങ്ങൾ എന്തൊക്കെ?
- പഠനനിലവാരം ഉയർത്തുന്നതിൽ പാഠ്യപദ്ധതി പരിഷ്കരണം, ബോധനരീതികൾ, സാങ്കേതികവിദ്യയുടെ ഉപയോഗം എന്നിവയുടെ സമീപനം എന്ത്?
- ഓരോതലത്തിലുള്ള കുട്ടികളിൽ നിന്ന് പ്രതീക്ഷിക്കുന്ന പഠനനേട്ടങ്ങൾ എന്തെന്ന് രക്ഷിതാവ് അറിയേണ്ടതില്ലേ? ഇത് എങ്ങനെ സാധിക്കാം?

## IX. വിദ്യാലയത്തിന്റെ നിലവാരം, വിലയിരുത്തൽ സ്കൂൾ മാനേജ്മെന്റ് പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കുക.

സ്കൂളിന്റെ എല്ലാ മേഖലകളിലുമുള്ള പ്രവർത്തനങ്ങൾ - വൈജ്ഞാനിക / സഹ വൈജ്ഞാനിക, ഭൗതികതലങ്ങളിലുള്ള പ്രവർത്തനങ്ങൾ - വിലയിരുത്തുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടി സ്കൂളുകളെ വിലയിരുത്തുകയും മാനദണ്ഡം നിശ്ചയിക്കുകയും ചെയ്യേണ്ടത് ആവശ്യമായി വന്നിരിക്കുന്നു.

ജില്ലാ, ബ്ലോക്ക്തല വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രധാനാധ്യാപകർക്കും വിദ്യാലയങ്ങളുടെ നല്ല മാനേജ്മെന്റ് (നടത്തിപ്പ്) സമ്പ്രദായങ്ങൾക്കുള്ള പരിശീലനം നൽകി സ്കൂളിന്റെ പ്രകടനങ്ങളെ മോണിട്ടർ ചെയ്യാനും സഹായിക്കാനും പ്രാദേശിക വിഭവങ്ങളെ സമാഹരിക്കുന്നതിനും പ്രാപ്തമാക്കണം. വില്ലേജ് / പഞ്ചായത്ത്തല വിദ്യാഭ്യാസ കമ്മിറ്റികൾ സ്കൂളിന്റെ നടത്തിപ്പിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടണം.

- സ്കൂൾ മാനേജ്മെന്റിൽ സമൂഹത്തിന്റെ പങ്കാളിത്തം കൂട്ടുന്നതിന് എന്തൊക്കെയാണ് മാർഗങ്ങൾ?
- സ്കൂൾ നടത്തിപ്പിൽ പഞ്ചായത്തുകളുടെ പങ്ക് എന്ത്?
- സ്കൂളുകളെ വിലയിരുത്തുകയും തരംതരിക്കുകയും ചെയ്യുന്നത് എങ്ങനെ പ്രാവർത്തികമാക്കും?
- സ്കൂളുകളെ ഗ്രേഡ് ചെയ്യുന്നതിന് പ്രകടനസൂചനകങ്ങൾ എന്തൊക്കെ?
- വിലയിരുത്തലിന്റെയും മോണിട്ടറിംഗിന്റെയും നിലവിലെ അവസ്ഥ എന്ത്? ഇത് എങ്ങനെ കൂടുതൽ ഫലപ്രദമാക്കാം?
- സ്കൂളുകളുടെ വികസനത്തിനും പുരോഗതിക്കും വേണ്ടി പ്രവർത്തിക്കുന്നതിന് ബ്ലോക്ക് / ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരുടെ പങ്ക് നവീകരിക്കേണ്ടതില്ലേ?

## X. എസ്.സി.എസ്.റ്റി, പെൺകുട്ടികൾ ന്യൂന പക്ഷം, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കായുള്ള സംയോജിത വിദ്യാഭ്യാസം കാര്യക്ഷമമാക്കുക.

സാമൂഹികമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രവേശനം സാധാരണ കുട്ടികളുടെ പ്രവേശനം എന്നിവയുടെ വിടവ് കുറഞ്ഞിട്ടുണ്ടെങ്കിലും പഠനനിലവാരത്തിന്റെ വിടവ് വലുതാണ്. ഈ വിടവ് സാമൂഹിക സമത്വത്തിന് ഭീഷണിയാവുകയും പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾ കൊഴിഞ്ഞു പോകുകയും ചെയ്യുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. പെൺകുട്ടികളുടെയും വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെയും പങ്കാളിത്തം ഉയർത്താനായി ചില പ്രത്യേക ഇടപെടലുകൾ നടപ്പിലാക്കി വരുന്നു. പക്ഷേ നിലവിലുള്ള ഈ ഇടപെടലുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന് വിജയകരമായ തന്ത്രങ്ങൾ ആവഷ്കരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

### *ചർച്ചാ സൂചകങ്ങൾ*

- പാർശ്വവൽകൃത കൂട്ടത്തിന്റെ പൂർണപങ്കാളിത്തം പഠനത്തിൽ നമുക്ക് എങ്ങനെ ഉറപ്പുവരുത്താം - പ്രത്യേകിച്ച് എസ്.സി., എസ്.ടി., ന്യൂനപക്ഷങ്ങൾ
- ക്ലാസ്മുറികളുടെ നാനാത്വത്തെയും ചില കുട്ടികളുടെ പ്രത്യേക ആവശ്യങ്ങളെയും അഭിസംബോധന ചെയ്യുന്നതിന് സ്കൂളുകൾ എന്തെല്ലാം അധിക സൗകര്യങ്ങൾ നൽകണം.
- നിങ്ങളുടെ കാഴ്ചപ്പാടിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം ആർ.ടി.ഇ. എത്രമാത്രം ഉറപ്പുവരുത്തുന്നു?
- എന്തുകൊണ്ടാണ് രക്ഷിതാക്കൾ പെൺകുട്ടികളെ സ്കൂളിൽ അയയ്ക്കാൻ മടിക്കുന്നത്?
- പെൺകുട്ടികളെ സ്കൂളുകളിൽ എത്തിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്?
- എല്ലാ പെൺകുട്ടികളെയും സ്കൂളിൽ എത്തിക്കാൻ സമൂഹത്തെ എങ്ങനെ ബോധവത്കരിക്കാം?
- ആർ.ടി.ഇ.-ൽ നിന്ന് ന്യൂനപക്ഷ വൽക്കരണം ഒഴിവാക്കിയാൽ അനന്തരഫലങ്ങൾ എന്തൊക്കെയാവാം?
- ആദിവാസി മേഖലകളിൽ ഏതെങ്കിലും പരമ്പരാഗത നൈപുണികൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടോ?
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ കാലാനുസൃതമായും നിയമപരവുമായും എന്തൊക്കെ പ്രത്യേക കഴിവുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്?
- ഭാഷാപരമായ എന്തൊക്കെ വെല്ലുവിളികളാണ് തിരിച്ചറിഞ്ഞിട്ടുള്ളത്? പരിഹാരമാർഗങ്ങൾ ഏവ?

## XI. ഭാഷാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക

വ്യത്യസ്ത ഭാഷകൾ പ്രയോഗിക്കുന്ന സമൂഹം വിവിധ ഭാഷകൾ പഠിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. ക്ലാസ്സിക്കൽ ഭാഷകളുടെ പദവി ഉയർത്തുന്നതിനുണ്ടി ഭാഷാധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ചില ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും സമഗ്രമായ പദ്ധതികളോ ഭാഷാനയങ്ങളോ നിലനിൽക്കുന്നില്ല. ഇന്ത്യ തത്വത്തിൽ ത്രിഭാഷാപദ്ധതിയാണ് പിൻതുടരുന്നത്. വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടങ്ങളിൽ മാതൃഭാഷാ മാധ്യമത്തിലൂടെയുള്ള പഠനമാണ് നിർദേശിക്കപ്പെടുന്നത്. ആന്ധ്രാപ്രദേശ്, ഓഡീഷാ തുടങ്ങിയ സംസ്ഥാനങ്ങളിൽ എട്ടോ പത്തോ ഗോത്രഭാഷകൾ ഉൾപ്പെടെ വിവധ ഭാഷകളുടെ പഠനത്തിനായി കൃത്യതയോടെ ആസൂത്രണം ചെയ്ത പരിപാടികളാണ് നടപ്പിലാക്കി വരുന്നത്. ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങൾ ഭാഷാപഠനം അനായാസമാക്കുന്നതിനു വേണ്ടി പ്രത്യേക നിഘണ്ടു

കൾ, , വായനാകാർഡുകൾ തുടങ്ങിയ പ്രത്യേക പഠനസാമഗ്രികൾ നിർമിച്ച് ഉപയോഗിച്ചു വരുന്നു. മാതൃഭാഷാ മാധ്യമത്തിലൂടെയുള്ള പഠനം ഗോത്രവർഗവിഭാഗങ്ങളിൽപ്പെടുന്ന കുട്ടികളുടെ ഹാജർനില കൂട്ടുന്നതായും കൊഴിഞ്ഞ്പോക്ക് കുറയ്ക്കുന്നതായും കണ്ടെത്തിയിരിക്കുന്നു.

മാതൃഭാഷ അടിസ്ഥാനമാക്കിയുള്ള പഠനം ഗണിതം, ഭാഷ തുടങ്ങിയ വിഷയങ്ങളിലെ പഠനനേട്ടം വർദ്ധിപ്പിക്കുന്നതായി എൻ.സി.ഇ.ആർ.ടി. പഠനങ്ങൾ വെളിപ്പെടുത്തുന്നു.

- നിങ്ങളുടെ കുട്ടികൾ സ്കൂൾതലത്തിൽ ഏതൊക്കെ ഭാഷകൾ ആർജിക്കണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ്, ഹിന്ദി, മറ്റ് പ്രാദേശിക ഭാഷകൾ എന്നിവയുടെ സ്ഥാനം എപ്രകാരമായിരിക്കണം?
- സ്കൂളുകളിലെ പഠനമാധ്യമം ഏത് ഭാഷയിലാകണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?
- മാതൃഭാഷ പഠനമാധ്യമവും അതേസമയം വ്യത്യസ്ത ഭാഷകളുടെ പഠനവും പ്രോത്സാഹിപ്പിക്കേണ്ടതില്ലേ? എങ്കിൽ ഈ രീതി നടപ്പിലാക്കുന്നതിൽ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?
- ത്രിഭാഷാ പദ്ധതി ചർച്ച ചെയ്യപ്പെടേണ്ടതാണോ?
- ഇന്നത്തെ മത്സരാധിഷ്ഠിത ലോകത്തിൽ ആഗോളഭാഷയായ ഇംഗ്ലീഷും മറ്റ് വിദേശഭാഷകളും ഏത് ഘട്ടം മുതൽ പഠിപ്പിച്ചു തുടങ്ങാം?

## XII. ജീവിത നൈപുണി, കല പ്രവൃത്തി പരിചയം കായിക വിദ്യാഭ്യാസം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്നിവ ഉൾക്കൊള്ളുന്ന സമഗ്ര വിദ്യാഭ്യാസ രീതി അവലംബിക്കുക.

വിദ്യാഭ്യാസം കുട്ടികളുടെ (ബൗദ്ധികവും സാമൂഹികവും, വൈകാരികവും കായികവുമായ) സമഗ്രവികസനം ലക്ഷ്യമിടുന്നതിനാൽ ഈ മേഖലകളെല്ലാം വിലയിരുത്തി പഠനനേട്ടം ഉറപ്പാക്കേണ്ടതുണ്ട്. പന്ത്രണ്ടാം പഞ്ചവൽസരപദ്ധതി ലക്ഷ്യമിടുന്നതും കുട്ടികളുടെ പാഠ്യ-പാഠ്യേതരമേഖലകളിലുള്ള പഠനനേട്ടങ്ങൾ ഉറപ്പാക്കൽ തന്നെയാണ്. ഇതിനുവേണ്ട സൗകര്യങ്ങളും ഉപകരണങ്ങളും ഒരുക്കേണ്ടതിന്റെ ആവശ്യകത ആർ.ടി.ഇ. ആക്ട് അനുശാസിക്കുന്നു. നഗരപ്രദേശങ്ങളിലെ സ്കൂളുകളിൽ കായികവിദ്യാഭ്യാസത്തിനായി സൗകര്യങ്ങൾ ഇല്ലാതെ വന്നാൽ ഈ സൗകര്യങ്ങളുള്ള അയൽപക്ക വിദ്യാലയങ്ങൾ, പൊതുകളിസ്ഥലങ്ങൾ, മറ്റ് സ്വകാര്യസ്ഥാപനങ്ങളുടെ കളിസ്ഥലങ്ങൾ, മുനിസിപ്പൽ പാർക്കുകൾ തുടങ്ങിയവ അത്യാവശ്യം ചില അറ്റകുറ്റപ്പണികൾ നടത്തി, കുട്ടികൾക്കുവേണ്ടി സ്കൂളിന്റെ പ്രവർത്തനസമയങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. കായികവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ നൂതനമായ ഇൻ-സർവീസ്, പ്രീ-സർവീസ് പരിശീലനങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. കലാ-കരകൗശല വിദ്യാഭ്യാസവും പഠനബോധനപ്രവർത്തനങ്ങൾക്ക് മികവേകുന്നു. കുട്ടികൾക്ക് വിവിധ കലകളെ വിഷ

യങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് സ്വന്തം ചിന്തകളെ നവീകരിക്കാനും, രൂപകൽപ്പന ചെയ്യാനും, നിർമിക്കാനും, സമഗ്രതയോടെ ഉൾക്കൊള്ളാനും, എല്ലാത്തിനുമുപരി പഠനം സന്തോഷകരമായ അനുഭവമാക്കിത്തീർക്കാനും ഇതിലൂടെ സാധിക്കുന്നു. കലകൾ ആസ്വദിക്കുന്നതിനും കായികപരമായ ശേഷികളും ജീവിതനൈപുണികളും ആർജിക്കുന്നതിനും ധാർമികമൂല്യങ്ങളും മനോഭാവങ്ങളും ഉൾക്കൊള്ളുന്നതിനും വിദ്യാഭ്യാസം ലക്ഷ്യമിടുന്നു.

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കല-കരകൗശല വിദ്യാഭ്യാസം, ജീവിതനൈപുണികൾ, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയവ സ്കൂൾ പാഠ്യപദ്ധതിയിൽ ഉറപ്പാക്കാൻ എന്തൊക്കെ നിർദേശങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്?
- മേൽപ്പറഞ്ഞവയുമായി ബന്ധപ്പെട്ട് നിങ്ങളുടെ അനുഭവങ്ങൾ എന്തൊക്കെയാണ്? അവയെ ക്രിയാത്മകമായി എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും?
- ധാർമികമൂല്യങ്ങൾ ആർജിക്കുന്നത് വിദ്യാഭ്യാസ പ്രക്രിയയിൽ നിർബന്ധിതമാക്കാൻ എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാൻ കഴിയും?
- സമഗ്രവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് എൻ.സി.സി.യുടെ പങ്ക് എന്താണ്?

## XIII. കുട്ടികളുടെ ആരോഗ്യത്തിന് ഊന്നൽ നൽകുക.

കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്. കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്താൻ ആരോഗ്യമന്ത്രാലയവും അനുയോജ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

സ്കൂൾ വിദ്യാഭ്യാസ-സാക്ഷരതാ വകുപ്പും കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയവും ഉച്ചഭക്ഷണ പരിപാടിയിലൂടെ 6-14 വയസ്സുവരെ പ്രായമുള്ള വിദ്യാർഥികൾക്ക് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പാക്കിയിട്ടുണ്ട്. വിദ്യാർഥികളുടെ സ്കൂൾ പ്രവേശനം ( enrolment), നിലനിർത്തൽ ( retention), ഹാജർ എന്നിവ ഫലപ്രദമാക്കുന്നതിനും പോഷകമൂല്യമുള്ള ഭക്ഷണം ഉറപ്പാക്കുന്നതിനും 1995 ആഗസ്റ്റിൽ 'National Programme of Nutritional Support to Primary Education' എന്ന പദ്ധതി നിലവിൽ വന്നു. 2008-2009 അക്കാദമികവർഷത്തിൽ ഈ പദ്ധതി 'National Programme of Mid-Day Meal in Schools'എന്നപേരിൽ അപ്പർ പ്രൈമറിതലത്തിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയുണ്ടായി.

National Programme of Mid-Day Meal in Schools' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പാക്കുക.
2) പിന്നാക്കവിഭാഗങ്ങളിലെ കുട്ടികൾ സ്കൂളിലെത്തുന്നതിനും ക്ലാസ്സ് പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.

3) വേനലവധിക്കാലങ്ങളിൽ വരൾച്ചാബാധിത പ്രദേശങ്ങളിലെ സ്കൂളുകളിൽ പ്രൈമ റിതലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം ഉറപ്പാക്കുക.

National Programme of Mid-Day Meal in Schools' എന്ന പദ്ധതി സർക്കാർ, അർദ്ധ സർക്കാർ, പ്രാദേശിക ഭരണകൂടങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ തുട ങ്ങിയവയിലെ 1 മുതൽ 8 വരെ ക്ലാസ്സുകൾ ലക്ഷ്യമിടുന്നെങ്കിലും പോഷകാഹാരങ്ങ ളുടെ അഭാവം, പട്ടിണി, ആരോഗ്യക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ കുട്ടികളുടെ ഹാജർനി ലയിലും പഠനകാര്യങ്ങളിലും വെല്ലുവിളികൾ ഉയർത്തുന്നു.

സംയോജിത ശിശു വിദ്യാഭ്യാസ പരിപാടി (ICDS) സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും സംയോജിപ്പിച്ചുള്ള പരിപാടികളുമാണ് ആദ്യകാല ശിശുപരിചരണവും വിദ്യാഭ്യാസവും (ECCE) എന്ന പരിപാടിയിലൂടെ നട ത്തിവരുന്നത്. പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, പഠനപിന്നാക്കാവസ്ഥ, പോഷകാഹാരങ്ങളുടെ അഭാവം, മരണനിരക്ക് തുടങ്ങിയവയെ പ്രതിരോധിക്കൽ എന്നി വയും ECCE ലക്ഷ്യമിടുന്നു. ICDS 0–5+ പ്രായപരിധിയിൽപ്പെടുന്ന കുട്ടികളുടെ ആരോ ഗ്യപരമായ ഉന്നമനത്തിനും പോഷകാഹാരം ഉറപ്പാക്കുന്നതിനും, കുട്ടികളുടെ മാനസി കവും, ശാരീരികവും, സാമൂഹികവുമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്നു. അമ്മമാരുടെ ആരോഗ്യകാര്യങ്ങളിലും ICDS ശ്രദ്ധ ചെലുത്തുന്നു.

ഈ മേഖലകളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നേറേണ്ടത് കേന്ദ്ര സർക്കാ രിന്റെ മന്ത്രാലയങ്ങളുടെ കടമയാണ്.

- കുട്ടികളുടെ ആരോഗ്യത്തിനുവേണ്ടി ആരോഗ്യമന്ത്രാലയം, ICDS, ECCE എന്നിവ ലക്ഷ്യമിടുന്ന പദ്ധതികളുടെ ഫലപ്രാപ്തി എത്രത്തോളമാണ്?
- കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് അനുഗുണമായ നേട്ടങ്ങൾ കൈവരി ക്കുന്നതിൽ നിലവിലുള്ള പദ്ധതികളുടെ ഏകോപനവും പ്രവർത്തനങ്ങളും ഫല പ്രദമാണോ? ഇല്ലെങ്കിൽ, എങ്ങനെ പരിഹരിക്കാം?
- കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാം? ദേശീയതലത്തിൽ നടപ്പാക്കാൻ സാധ്യമായതരത്തിൽ സംസ്ഥാനതല അനുഭവങ്ങൾ പങ്ക് വയ്ക്കുക.
- സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ കുട്ടികളുടെ വ്യക്തിപരമായ ആരോഗ്യം എങ്ങ നെയൊക്കെ സംരക്ഷിക്കപ്പെടാൻ കഴിയും? ഈ വിവരങ്ങൾ എങ്ങനെ സംസ്ഥാന തലത്തിലും ദേശീയതലത്തിലും എത്തിക്കാൻ കഴിയും?